# ക്രിസ്തീയ കുടുംബജീവിതത്തിന്റെ മാനദണ്ഡം




മലയാള ക്രൈസ്തവ സാഹിത്യസമിതി, തിരുവല്ലാ.

# ക്രിസ്തീയ കുടുംബജീവിതത്തിന്റെ മാനദണ്ഡം

എച്ച്. നൗഗലെ
തയ്യാറാക്കിയത്.

THE CHRISTIAN LITERATURE SOCIETY
MALAYALAM BRANCH
TIRUVALLA

## നിങ്ങളുടെ കുടുംബത്തിന്റെ ലക്ഷ്യം എന്ത്?








## 1. കുടുംബത്തിന്റെ ലക്ഷ്യം

a) നിങ്ങളുടെ കുടുംബം ഒന്നാമതായും പ്രധാനമായും ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയുമാണോ അന്വേഷിക്കുന്നത്?


b) നിങ്ങൾ ഏതെങ്കിലും ഒരു ജോലി തിരഞ്ഞെടുക്കുമ്പോഴോ, നിങ്ങളുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തെപ്പറ്റി പ്ലാൻ ചെയ്യുമ്പോഴോ, സേവനാദർശം മുൻനിർത്തിയാണോ അവയെപ്പറ്റി ചിന്തിക്കുന്നത്?

---

കുറിവാക്യം:

മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ. അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും. (മത്താ. 6: 33)

## നിങ്ങളുടെ ഭവനത്തിൽ എന്തെല്ലാമുണ്ട്?




ഇങ്ങനെയുള്ള വാക്യങ്ങളോ ചുവർചിത്രങ്ങളോ ഉണ്ടോ?



## 2. ഭവനത്തിലെ സജ്ജീകരണങ്ങൾ

(a) വേദപുസ്തകം മുഴുവനായും സുവിശേഷപ്രതികളും നിങ്ങൾക്കുണ്ടോ?

(b) പാട്ടുപുസ്തകങ്ങൾ, ജീവചരിത്രപുസ്തകങ്ങൾ, വർത്തമാനക്കടലാസ്സുകൾ മുതലായവ ഉണ്ടോ?

(c) ക്രിസ്തീയ പടങ്ങളും വാക്യങ്ങളും നിങ്ങളുടെ ഭവനത്തിന്റെ ചുവരിൽ തൂക്കിയിട്ടുണ്ടോ?

---

കുറിവാക്യം.

നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു. (സങ്കീർത്തനം 119: 105)

## നിങ്ങളുടെ ഭവനത്തിൽ നിങ്ങൾ പ്രാർത്ഥിക്കാറുണ്ടോ?



രഹസ്യ പ്രാർത്ഥന



ഭക്ഷണത്തിനു മുമ്പുള്ള പ്രാർത്ഥന



## 3. കുടുംബാരാധന



(a) കുടുംബമായി നിങ്ങൾക്കു ദിനംതോറും പ്രാർത്ഥനയുണ്ടോ?

(b) രഹസ്യധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി സമയം എടുക്കാറുണ്ടോ?

(c) നിങ്ങളുടെ കുടുംബാരാധനയിൽ പാട്ടു പാടാറുണ്ടോ? കുടുംബാരാധനയ്ക്കു് ക്രമീകരണമുണ്ടോ?

(d) ഭക്ഷണസമയത്തു് കുടുംബമായി നിങ്ങൾ പ്രാർത്ഥിച്ചു ദൈവത്തെ സ്തുതിക്കാറുണ്ടോ?

---

### കുറിവാക്യം

പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ. (മത്തായി 26: 41)

നിങ്ങളുടെ കുടുംബത്തിലുള്ള ഓരോ അംഗവും സഭയോടുള്ള കർത്തവ്യം നിർവഹിക്കുന്നുണ്ടോ?



ഞായറാഴ്ച നിങ്ങൾ എല്ലാവരും പള്ളിയിൽ പോകാറുണ്ടോ?



കുട്ടികൾ സണ്ടേസ്കൂളിൽ പോകാറുണ്ടോ?







## 4. സഭയോടുള്ള ചുമതല

(a) ഞായറാഴ്ച ദിവസം നിങ്ങൾ കുടുംബമായി വേലയിൽനിന്നു വേർപെട്ട് പള്ളിയിൽ പോകാറുണ്ടോ?

(b) സ്ത്രീകൾ സേവികാസംഘം, മാതൃസംഘം മുതലായ കൂട്ടങ്ങളിൽ ക്രമമായി പോകാറുണ്ടോ? കുഞ്ഞുങ്ങൾ സണ്ടേസ്കൂളിൽ പോകുന്നുവോ?

(c) ആരാധനയിൽ ദൈവികസാന്നിദ്ധ്യം അനുഭവിച്ചറിയുന്നുണ്ടോ?

(d) സഭയിലെയും ഇടവകയിലെയും ചുമതലകളെ നിങ്ങളുടെ കുടുംബം സ്വീകരിച്ചു നിർവഹിക്കുന്നുവോ?

---

കുറിവാക്യം


നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടുംകൂടെ സ്നേഹിക്കണം. (മത്താ. 22: 37)

## നിങ്ങളുടെ കുടുംബം ആരോഗ്യമുള്ളതോ?




നിങ്ങളുടെ ഭവനം ശുചിയായിരിക്കുന്നുവോ?

നിങ്ങളുടെ ആഹാരം ആരോഗ്യകരമാണോ?



ചോറ്    ഗോതമ്പ്    പാല്    മുട്ട



പഴങ്ങൾ    ചീര    മുതലായ സസ്യവർഗ്ഗങ്ങളും.

## നിങ്ങളുടെ കുഞ്ഞുങ്ങളെ നിങ്ങൾ പഠിപ്പിക്കുന്നുണ്ടോ?



പ്രാർത്ഥിക്കുന്നതിന്

വേദപുസ്തക കഥകൾ

വേദവാക്യങ്ങൾ

കർത്താവിന്റെ പ്രാർത്ഥന

വിശ്വാസപ്രമാണം

പത്തു കല്പനകൾ

## 6. ഭവനത്തിലെ ശിക്ഷണം

(a) നിങ്ങളുടെ കുഞ്ഞുങ്ങളെ കർത്താവിനോടുള്ള സ്നേഹത്തിലും ഭയഭക്തിയിലുമാണോ വളർത്തുന്നത്?

(b) നിങ്ങളുടെ കുഞ്ഞുങ്ങൾ നിങ്ങളെ ശരിയായി അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നുണ്ടോ? ഭവനത്തിലെ ജോലികളിൽ കുഞ്ഞുങ്ങൾ സന്തോഷത്തോടെ പങ്കെടുക്കുന്നുണ്ടോ?

(c) കുഞ്ഞുങ്ങളെ അവരവരുടെ വിശ്രമസമയം വേണ്ടവിധം ഉപയോഗിക്കുന്നതിനു പാഠിപ്പിക്കുന്നുണ്ടോ?

(d) പ്രായമായി വരുന്ന നിങ്ങളുടെ കുഞ്ഞുങ്ങളുടെ വീട്ടിലും വെളിക്കുമുള്ള പെരുമാററത്തെ നിങ്ങൾ സൂക്ഷിക്കാറുണ്ടോ?

(e) ശരിയായ പ്രായത്തിലാണോ നിങ്ങളുടെ കുഞ്ഞുങ്ങളെ പഠിക്കുന്നതിനായി പള്ളിക്കൂടങ്ങളിലേക്കു് അയയ്ക്കുന്നത്?

---


കുറിവാക്യം

"നിനക്കു നന്മയുണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക".
(എഫെസ്യർ 6: 2)




## നിങ്ങളുടെ സമയവും പണവും വിനിയോഗിക്കുന്നത് എങ്ങനെ?

നിങ്ങളുടെ കുടുംബത്തിന്റെ വരുമാനത്തിനനുസരണമായിട്ടാണോ ചെലവ്?




ഓരോ ദിവസവും 24 മണിക്കൂർ വീതമുണ്ട്; അവ എങ്ങനെയാണു് ചെലവഴിക്കേണ്ടത്?



## 7. കുടുംബത്തിൽ സമയവും പണവും വിനിയോഗിക്കുന്ന വിധം

(a) നിങ്ങളുടെ സമയവും പണവും മററുള്ളവരെ സഹായിക്കുന്നതിനു് ഉപയോഗിക്കുന്നുണ്ടോ?

(b) ദൈവത്തിനു ദശാംശം കൊടുക്കുന്ന കാര്യം നിങ്ങളുടെ ചെലവിനത്തിൽ പെടുമോ?

(c) നിങ്ങളുടെ ഭവനത്തിലെ സംസാരം പ്രയോജനകരവും സ്നേഹപരവുമാണോ?

---

കുറിവാക്യം

ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ. (എഫെ. 5: 16)

നിങ്ങളുടെ ഭവനത്തിൽ സ്നേഹവും ഐക്യവുമുണ്ടോ?



ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്നേഹവും സഖിത്വവും



കുടുംബ ഭക്ഷണം

## 8. ഭവനത്തിലെ അംഗങ്ങൾ തമ്മിലുള്ള ഐക്യം

(a) ഭാര്യാഭർത്താക്കന്മാർ തമ്മിൽ വിശ്വാസവും, സ്നേഹവും, ഐക്യതയുമുണ്ടോ?

(b) കുഞ്ഞുങ്ങളും ശേഷക്കാരും, അയൽവാസികളും, നിങ്ങളുടെ വർത്തനാരീതി മുഖാന്തരം ദൈവം വസിക്കുന്ന ഒരു ഭവനമാണു നിങ്ങളുടേതു് എന്നു കരുതുമോ?

(c) ഒരുമിച്ചു ഭക്ഷിക്കുക, ഒരുമിച്ചു യാത്ര ചെയ്യുക, ഒരുമിച്ചു വേല ചെയ്യുക, ഇപ്രകാരം ഒരുമിച്ചുള്ള പ്രവർത്തനംമൂലം നിങ്ങളുടെ ഭവനത്തിൽ ഐക്യതയുണ്ടെന്നു മററുള്ളവർ കാണുവാൻ ഇടയാകുന്നുണ്ടോ?

---

**നിങ്ങളുടെ ഭവനത്തിൽ സമാധാനമുണ്ടോ?**



ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ഭിന്നത ഒരുമിച്ചുള്ള പ്രാർത്ഥനയിൽ അവസാനിക്കുന്നു.



പട്ടക്കാരൻ അവരെ അനുഗ്രഹിക്കുകയും അങ്ങനെ അവർ വീണ്ടും തമ്മിൽ തമ്മിൽ സമാധാനമുള്ളവരായി തീരുകയും ചെയ്യുന്നു.

## 9. കുടുംബഭിന്നതകൾ പരിഹരിക്കുക

(a) നിങ്ങൾ (ഭാര്യാഭർത്താക്കന്മാർ) തമ്മിൽ ഭിന്നതയുണ്ടാകുമ്പോൾ സ്നേഹത്തിലും പ്രാർത്ഥനയിലുമാണോ അവ പരിഹരിക്കപ്പെടുന്നതു്?

(b) നിങ്ങൾക്കുതന്നെ അവ പരിഹരിക്കുന്നതിനു സാധിക്കാതെ വരുമ്പോൾ നിങ്ങളെക്കാൾ പ്രായമായവരുടെ സഹായം ആവശ്യപ്പെടുന്നുണ്ടോ?

(c) ഭിന്നത തീരുമ്പോൾ, പഴയ വൈരാഗ്യത്തിന്റെ നിഴൽപോലും ഇല്ലാതായി, സ്നേഹത്താൽ നിറയപ്പെടുന്നതിനു സാധിക്കുന്നുണ്ടോ?


---

### കുറിവാക്യം

അന്യോന്യം പൊറുക്കയും ഒരുവനോടു് ഒരുവനു വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും ചെയ്‌വിൻ; കർത്താവു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്‌വിൻ. (കൊലൊ. 3: 13)



### മററുള്ളവരെ സ്വീകരിക്കുന്നതിനായി നിങ്ങളുടെ ഭവനവാതിൽ എപ്പോഴും തുറന്നിട്ടിരിക്കുന്നുണ്ടോ?



## 10. അതിഥിസൽക്കാരം

(a) നിങ്ങളുടെ (ഭാര്യയുടെയും ഭർത്താവിൻെറയും) ശേഷക്കാർ, ഭവനത്തിൽ വരുന്നതു് ഒരുപോലെ നിങ്ങൾ രണ്ടുപേരും സ്വാഗതം ചെയ്യുമോ?

(b) ജാതിവ്യത്യാസം കൂടാതെ നിങ്ങൾ മററുള്ളവരെ സ്വീകരിച്ചു് ഉപചരിക്കുമോ?

---

### കരിവാക്യം

പിറുപിറുപ്പുകൂടാതെ തമ്മിൽ അതിഥിസൽക്കാരം ആചരിപ്പിൻ. ഓരോരുത്തനു വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ടു് അന്യോന്യം ശുശ്രൂഷിപ്പിൻ. (1 പത്രൊ. 4: 9—10)



മററുള്ളവരെ സഹായിക്കുന്നതിനുള്ള പരിശീലനം നിങ്ങളുടെ കുടുംബത്തിനുണ്ടോ?



## 11. മററുള്ളവരെ സഹായിക്കുക

(a) പ്രയാസത്തിൽ കഴിയുന്നവരെ നിങ്ങൾ സഹായിക്കുന്നുണ്ടോ? രോഗികൾ, ഭവനമില്ലാത്തവർ, വിധവകൾ, അനാഥർ ഇപ്രകാരമുള്ളവരെ സഹായിക്കുന്നുവോ?

(b) ക്രിസ്തുവിനെപ്പററി പഠിക്കുന്നതിനു തീരെ കഴിവില്ലാത്തവരെ നിങ്ങൾ സഹായിക്കുന്നുണ്ടോ?

(c) നിങ്ങളുടെ ദിവസേനയുള്ള പ്രാർത്ഥന മൂലം മററുള്ളവരെ സഹായിക്കുന്നുണ്ടോ?

---


കുറിവാക്യം

എൻെറ ഈ ഏററവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കു ചെയ്തു.

(മത്താ. 25: 40)



**നിങ്ങളുടെ ഭവനത്തിൽ ക്രിസ്തുവിൻെറ വെളിച്ചം ധാരാളമായി പ്രകാശിച്ചു വെളിയിലേക്കു വ്യാപിക്കുന്നുണ്ടോ?**



## 12. ക്രിസ്തീയ കുടുംബം—സാക്ഷിക്കുന്ന കുടുംബ്

(a) നിങ്ങളുടെ വാക്കുകളും പ്രവൃത്തികളും നിങ്ങൾ ക്രിസ്ത്യാനികളാണെന്നു മററുള്ളവർ ഗ്രഹിക്കുവാൻ സഹായകമാണോ?

(b) നിങ്ങൾ ഇടപെടുന്നവരുടെ മുമ്പാകെ പരസ്യമായി നിങ്ങൾ ക്രിസ്തുവിൻെറ സാക്ഷ്യം വഹിക്കുന്നുണ്ടോ? നിങ്ങളുടെ സഹപ്രവത്തകർ, സഹപാഠികൾ, വേലക്കാർ മുതലായവരുടെ മുമ്പാകെ നിങ്ങളുടെ സാക്ഷ്യം എങ്ങനെ?

(c) രക്ഷകനെപ്പററിയുള്ള നിങ്ങളുടെ സാക്ഷ്യംമൂലം ക്രിസ്തുവിൻെറ പാദത്തിങ്കലേക്കു നിങ്ങൾ എത്രപേരെ ആനയിച്ചിട്ടുണ്ട്?

---

കുറിവാക്യം

യേശുവിനെ കത്താവ് എന്നു വായ്കൊണ്ട് ഏററുപറകയും ദൈവം അവനെ മരിച്ചവരിൽനിന്നു ഉയിത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും.

(റോമർ 10: 9)